# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.726** **28.02.2018 ലെ മറുപടി**

## പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ബി.ഡി.ദേവസ്സി:** | **മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലെ കുടിവെള്ളക്ഷാമത്തിനു പരിഹാരമാകുന്നതും കാർഷിക ജലസേചനത്തിനു സഹായകരമാകുന്നതുമായ 'പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി' കമ്മീഷൻ ചെയ്യുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലെ കുടിവെള്ളക്ഷാമത്തിനു പരിഹാരമാകുന്നതും കാർഷിക ജലസേചനത്തിനു സഹായകരമാകുന്നതുമായ 'പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി'യുടെ സിവിൽ, മെക്കാനിക്കൽ പ്രവർത്തികൾ എല്ലാം പൂർത്തീകരിച്ചു. ഇലക്ട്രിക്കൽ പ്രവർത്തിയിലുണ്ടായ തടസ്സങ്ങൾ നീക്കി പ്രവർത്തി നടന്നുകൊണ്ടിരിക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതിയുടെ ജലവിതരണ സംവിധാനത്തിനായി പൈപ്പുകൾ സ്ഥാപിക്കുന്നതിനടക്കം സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന് അംഗീകാരം നൽകി പദ്ധതി പൂർത്തിയാക്കി ജനങ്ങൾക്ക് ഉപയോഗക്ഷമമാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; | (ബി) പൈപ്പുകൾ സ്ഥാപിക്കുന്നതടക്കമുള്ള പ്രവർത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. |
| (സി) പദ്ധതി എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയും എന്നറിയിക്കാമോ? | (സി) 2018 മാർച്ച് മാസത്തിൽ തന്നെ പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**